## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.17

04.02.2013 ന് മറുപടിയ്ക്ക്.

### ഇക്കോ സെൻസിറ്റീവ് സോൺ

<table>
<tr><th>ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>ശ്രീ.സി.മോയിൻകുട്ടി.<br>ശ്രീ.പി.ബി.അബ്ദുൾ റസാക്.<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ.<br>ശ്രീ.കെ.എൻ.എ.ഖാദർ.</td><td>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി)</td></tr>
<tr><td>(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും പരിസ്ഥിതി ലോല മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്ന വിഷയത്തിൽ സംസ്ഥാന തലത്തിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് ;</td><td>(എ) ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രാദേശിക തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.<br>• കൂടാതെ 03.01.2013-ൽ സംസ്ഥാന വന്യജീവി ബോർഡ്, പാരിസ്ഥിതിക സംവേദക മേഖലകൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി പ്രാദേശികതലത്തിൽ ആശയ വിനിമയം നടത്തി സമവായം രൂപീകരിക്കുവാൻ എം.എൽ.എ-മാരുടെ നേതൃത്വത്തിൽ മൂന്ന് ഉപസമിതികൾ രൂപീകരിച്ചു.<br>• 17.01.2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ നിർണ്ണയിക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഫെബ്രുവരി 15-നു മുമ്പ് ലഭ്യമാക്കി ക്രോഡീകരിച്ച് സർക്കാരിന്റെ അഭിപ്രായം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>• ഇക്കാര്യത്തിൽ നിയോഗിച്ച കമ്മിറ്റികൾ സംയുക്തമായി കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി കണക്കിലെടുത്ത് ഒരു അന്തിമ ശുപാർശ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.</td></tr>
</table>

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) ഇക്കോസെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനമേഖലയിലെ നിലവിലുള്ള നിർമ്മിതികൾക്കോ, പ്രവർത്തനങ്ങൾക്കോ എന്തെങ്കിലും ഹാനി സംഭവിക്കുവാൻ ഇടയുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകാമോ ?

(സി) നിലവിലുള്ള നിർമ്മിതികൾക്ക് ഹാനി സംഭവിക്കാൻ ഇടയില്ല. എന്നാൽ പരിസര മലിനീകരണം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് നിരോധനമോ നിയന്ത്രണമോ വരാവുന്നതാണ്.

സെക്ഷൻ ഓഫീസർ.